**പതിനഞ്ചാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3977 03.03.2023 ൽ മറുപടിക്ക്

**വടക്കാഞ്ചേരിയിലെ ആശുപത്രികളുടെ/ഡിസ്പെൻസറികളുടെ വികസനം**

| ചോദ്യം<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ഉത്തരം<br>വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ അലോപ്പതി, ഹോമിയോപ്പതി, ആയുർവ്വേദം എന്നീ വിഭാഗങ്ങളിലെ സർക്കാർ ആശുപത്രികളുടെ /ഡിസ്പെൻസറികളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) & (ബി) | ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | | |

Hari

സെക്ഷൻ ഓഫീസർ

**അനുബന്ധം**

വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ Isolation ward ന്റെ പണി പൂർത്തീകരിച്ച് 17/12/2022-ൽ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. "Labour Room Strengthening as per Lakshya Standards" ന്റെ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. 31.03.2023 ഓടു കൂടി പണി പൂർത്തീകരിക്കാനാകും.

നാഷണൽ ആയുഷ് മിഷൻ മുഖേന 2022-2023 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാൻ മുഖേന ഗവ.വിഷ വൈദ്യ ആശുപത്രി വടക്കാഞ്ചേരിയിൽ പുതുതായി ഒരു മെഡിക്കൽ ഓഫീസർ തസ്തികയും തെറാപ്പിസ്റ്റ് തസ്തികയും അനുവദിച്ചിട്ടുണ്ട്. നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന 2 ആയുർവേദ ഡിസ്പെൻസറികളെയും 4 ഹോമിയോപ്പതി ഡിസ്പെൻസറികളേയും നാഷണൽ ആയുഷ് മിഷൻ സ്കീമിൽ ഉൾപ്പെടുത്തി ആയുഷ് ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളായി ഉയർത്തിയിട്ടുണ്ട്.

1. GAD മുണ്ടത്തിക്കോട്
2. GAD അവണൂർ
3. GHD കൈപ്പറമ്പ്
4. GHD കില്ലന്നൂർ
5. GHD കോലാഴി
6. GHD തോളൂർ

ആയുഷ് ഹെൽത്ത് & വെൽനെസ്സ് കേന്ദ്രങ്ങളായി ഉയർത്തിയ ഈ സ്ഥാപനങ്ങളിൽ യോഗ പരിശീലകന്റേയും GNM യോഗ്യതയുള്ള മൾട്ടി പർപ്പസ് വർക്കറുടേയും തസ്തിക ആയുഷ് മിഷൻ മുഖേന സൃഷ്ടിച്ചിട്ടുണ്ട്.

**<u>വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ എൻ.എച്ച്.എം വഴി നടപ്പിലാക്കിയ പദ്ധതികൾ</u>**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | എഫ്. എച്ച്.സി മുണ്ടത്തിക്കോട് | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 2 | എഫ്.എച്ച്.സി അവണൂർ | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. |
| 3 | എസ്.സി.കുരുമാത്ര | സബ് സെന്ററിനെ ഹെൽത്ത് ആന്റ് വെൽനസ് സെന്റർ ആക്കി ഉയർത്തൽ | നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 4 | സി.എച്ച്.സി.തോളൂർ | സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് | നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ് |

| | | | |
|---|---|---|---|
| | | കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തൽ | |
| 5 | എഫ്.ഡബ്ല്യൂ.സി കോലഴി | സബ് സെന്ററിനെ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററാക്കി ഉയർത്തൽ | നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ് |
| 6 | എസ്.സി കൈപ്പറമ്പ് | സബ് സെന്ററിനെ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററാക്കി ഉയർത്തൽ | നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ് |
| 7 | എഫ്.ഡബ്ല്യൂ.സി കോഴിക്കുന്ന് | സബ് സെന്ററിനെ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററാക്കി ഉയർത്തൽ | നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ് |
| 8 | എഫ്. ഡബ്ല്യൂ.സി വെടിപ്പാറ | സബ് സെന്ററിനെ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററാക്കി ഉയർത്തൽ | നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ് |
| 9 | എഫ്. ഡബ്ല്യൂ.സി മുണ്ടത്തിക്കോട് | സബ് സെന്ററിനെ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററാക്കി ഉയർത്തൽ | നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ് |
| 10 | എഫ്. ഡബ്ല്യൂ.സി ചൂലിശ്ശേരി | സബ് സെന്ററിനെ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററാക്കി ഉയർത്തൽ | നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ് |
| 11 | ജി.എച്ച്.വടക്കാഞ്ചേരി | ലേബർ റൂം ലക്ഷ്യ നിലവാരത്തിലേയ്ക്ക് ഉയർത്തൽ | നിർമ്മാണ പ്രവർത്തി പുരോഗമിക്കുന്നു. |
| | | ഒ.പി പരിവർത്തന പ്രവർത്തികൾ | |
| | | ഓപ്പറേഷൻ തീയേറ്റർ, വാർഡ് എന്നിവയുടെ നിർമ്മാണം | |
| 12 | എഫ്.എച്ച്.സി തവനൂർ | പുതിയ കെട്ടിട നിർമ്മാണം | നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ് |

Hari

സെക്ഷൻ ഓഫീസർ